# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3114** — 21/06/2013 - ലെ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയ്ക്ക് വരൾച്ചാ ദുരിതാശ്വാസം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) വരൾച്ച ദുരിതാശ്വാസത്തിനായി പാലക്കാട് ജില്ലയ്ക്ക് എത്ര കോടി രൂപ അനുവദിച്ചുവെന്നുള്ള വിശദാംശം നൽകുമോ ;<br>(ബി) പാലക്കാട് ജില്ലയിൽ എത്ര കൃഷിക്കാർക്ക് പ്രസ്തുത ധനസഹായം നൽകി എന്ന വിവരം നൽകുമോ; | (എ) & (ബി) | പാലക്കാട് ജില്ലയ്ക്ക് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 2013-2014 സാമ്പത്തികവർഷം 10,70,45,754/- (പത്തു കോടി എഴുപതുലക്ഷത്തി നാൽപ്പത്തയ്യായിരത്തി എഴുന്നൂറ്റി അമ്പത്തിനാല്) രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലയിലെ കർഷകർക്ക് കൃഷിനാശത്തിന് നിലവിൽ ധനസഹായം നൽകിയിട്ടില്ല. |
| (സി) നെൽകൃഷിക്ക് വായ്പ എടുത്ത കൃഷിക്കാരുടെ കടങ്ങൾ വരൾച്ചാ ധനസഹായത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (സി) | വരൾച്ച മൂലമുള്ള കൃഷിനാശത്തിനാണ് നിലവിൽ കൃഷി വകുപ്പ് മുഖേന ആനുകൂല്യം നൽകുന്നത്. എന്നാൽ വരൾച്ച മൂലം കൃഷി നശിച്ച കർഷകർ ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നെടുത്ത വായ്പകൾക്ക് റിസർവ്വ് ബാങ്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി ഒരു വർഷത്തെ മൊറട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ട്. 31/12/2012നു മുൻപ് കുടിശ്ശികയായിട്ടുള്ള കാർഷിക വായ്പകൾക്ക് മൊറട്ടോറിയം ബാധകമല്ല. |

സെക്ഷൻ ഓഫീസർ